**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം** 228

# അവനവനെ കണ്ടെത്തുന്ന കല

## (THE ART OF SELF-DISCOVERY)

പ്രഫസർ അനിൽകുമാറിന്റെ ‘സായി-കോളജി’(*Sai-Chology*)എന്ന പുസ്തകത്തിൽനിന്ന്(p139-144).

### ഉള്ളിലേക്ക് തിരിയുക




ആളുകൾ പുട്ടപർത്തിയിലേക്ക് വരുമ്പോൾ, അത് നീണ്ട ആസൂത്രണത്തിന്റെയും ജന്മാഭിലാഷത്തിന്റെയും ഫലമായിട്ടാണ്. അവർ വരുമ്പോൾ, അവർ സ്വാമിയുടെ അനുഗ്രഹത്തിലും ആനന്ദത്തിലും ഭാഗഭാക്കാവുന്നു. പക്ഷേ, ഇതെക്കുറിച്ചൊക്കെ ഭഗവാനെന്താണ് പറയുന്നത്?

“നാം ആന്തരികമായി വരുന്നതുവരെ, പുറമേയുള്ള വരവിൽ വലിയ അർത്ഥമൊന്നുമില്ല”. എത്ര ശരിയാണ്! നാം അന്തർമുഖരാവുന്നതു വരെ, ബാഹ്യവസ്തുക്കളിൽ കാര്യമൊന്നുമില്ല. അവ സംഭവിക്കാത്തതുപോലെത്തന്നെ നല്ലതോ ചീത്തയോ ആണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, നമ്മൾ ഇവിടെ അകമേ ഉണ്ടായിരിക്കാനാണ് ഭഗവാൻ ഇഷ്ടപ്പെടുന്നത് അതിനർത്ഥം, നാം പ്രഭുവിനെ അകമേ അനുഭവിക്കണം എന്നാണ്.



Back Cover Front Cover

ഒത്തിരി വർഷങ്ങൾക്ക് മുമ്പ്, ഹൊവാർഡ് മർഫറ്റ് (Howard Murphet) പറയുകയുണ്ടായി, താൻ ഭഗവാനെ വിട്ടുപോകുമ്പോൾ തനിക്ക് വളരെ ദു:ഖം തോന്നുന്നു, ഈ സ്ഥലം വിട്ടുപോകുന്നതിൽ തനിക്ക് വിഷമം തോന്നുന്നു. ഭഗവാൻ പറഞ്ഞു, “നീ പോവുകയല്ല! നീ തിരി

കെയെത്തുന്നതിനായി പോവുകയാണ്.'' വേർപെടുന്നത് ഒരുമിക്കാൻ വേണ്ടിയാണ്. ഒരുമിക്കുന്നതിനു വേണ്ടിയാണ് നമ്മൾ വേർപിരിയുന്നത്. നമ്മൾ ഒറ്റയ്ക്ക് പോവുകയല്ല. ഭഗവാനെക്കുറിച്ചും ഇവിടെയുള്ള ഓരോരുത്തരെക്കുറിച്ചും നമുക്ക് ഈ ഭാവമാണുള്ളതെങ്കിൽ, ഭഗവാനെ ആന്തരികമായി അനുഭവിക്കുന്നതാണെങ്കിൽ, അത് ഈ സ്ഥലത്തേക്ക്-പുട്ടപർത്തിയിലേക്ക്-ഉള്ള ബാഹ്യമായ സന്ദർശനങ്ങളേക്കാൾ കൂടുതൽ പ്രധാനമാണ്. ഇതാണ് ഭഗവാൻ അർത്ഥമാക്കുന്നത്.




നാം പിന്തുടരുന്ന മാർഗത്തേക്കാളധികം പ്രാധാന്യം നമുക്കുണ്ടെന്ന് അറിയുന്നതും തുല്യപ്രാധാന്യമുള്ളതാണ്. ചില ഭക്തർ മറ്റുള്ളവർ ചെയ്യുന്ന ധ്യാനം, ഗായത്രി ജപത്തിന്റെ എണ്ണം അതുമല്ലെങ്കിൽ ഗണേശക്ഷേത്രത്തിനു ചുറ്റും അവർ വയ്ക്കുന്ന പ്രദക്ഷിണങ്ങൾ മുതലായ സാധനകളെപ്പറ്റി ജിജ്ഞാസുക്കളാണ്. മറ്റോരോരുത്തരുടെയും മാർഗം അറിയുന്നതിനാണ് നമുക്ക് ആകാംക്ഷ. എന്നാൽ, നാം ഏതു മാർഗമാണ് പിന്തുടരുന്നത്? നമ്മുടെ സ്വന്തം ആരാധനാരീതി ഏതാണ്?

## യാത്രാ പ്രക്രിയയേക്കാൾ പ്രധാനം യാത്രിയാകുന്നു

യാത്രിയാണ് യാത്രയേക്കാൾ പ്രധാനം എന്ന് ഭഗവാൻ പറയുന്നു, യാത്രിയെ ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്ന മാർഗമല്ല, യാത്രിയാണ് പ്രധാനം. റോഡ് നമ്മളെ വഹിച്ചു കൊണ്ടുപോവുകയില്ല -നാം ലക്ഷ്യത്തിലെത്തണം. നാം മാർഗത്തിലൂടെ മുന്നേറേണ്ടിയിരിക്കുന്നു. നിർഭാഗ്യവശാൽ നാം വഴിയിൽ കുടുങ്ങിയിരിക്കുന്നു, നാം സഞ്ചരിക്കാൻ മറന്നിരിക്കുന്നു! നമുക്ക് വഴിയറിയാം, പക്ഷേ നാം സഞ്ചരിക്കുന്നില്ല. നാം എവിടെയാണോ അവിടെത്തന്നെ നിൽക്കുന്നതിന്റെ കാരണം ഇതാണ്, ഒരിഞ്ചുപോലും പുരോഗതി ഇല്ലാത്തതിന്റെയും. നാം ഒരടിപോലും മുന്നേറുന്നില്ല എന്തെന്നാൽ, നമുക്ക് വഴിയറിയാം, ഈ അറിവാണ് ആദ്യവും അവസാനവുമെന്ന് നാം കരുതുന്നു. നമുക്ക് അറിയാമെന്ന് നാം കരുതുന്നു, നമ്മെ ലക്ഷ്യത്തിലെത്തിക്കുന്നതിന് ആ അറിവ് മതിയാകും എന്ന് നാം ചിന്തിക്കുന്നു. എന്നാൽ, അതങ്ങനെയല്ല.



ഭഗവാൻ പറയുന്നത്, പാചകപ്പുസ്തകം വായിച്ചതുകൊണ്ടു മാത്രം നമുക്ക് ഒരിക്കലും നമ്മുടെ വിശപ്പടക്കാനാവില്ല എന്നാണ്. ഇതേപോലെ, മാർഗമോ അതെപ്പറ്റി




യുള്ള അറിവോ നിങ്ങളെ ലക്ഷ്യത്തിലെത്തിക്കില്ല എന്തെന്നാൽ, നിങ്ങളാണ് നടക്കേണ്ടത്. ശ്രദ്ധാലുവായ ഒരു മാതാവിന് പറയാനാവില്ല, ‟എന്റെ കുഞ്ഞിന് കഴിക്കാനാവില്ല. കുഞ്ഞിനു വേണ്ടി ഞാൻ കഴിക്കട്ടെ” എന്ന്. അതുകൊണ്ട്, നാം സഞ്ചരിച്ചേ തീരൂ. നാം ഒരു ഘട്ടത്തിലല്ലെങ്കിൽ മറ്റൊരിക്കൽ, തുടങ്ങിവയ്ക്കണം. വെറും അറിവ് സഹായിക്കില്ല. ഒരിക്കൽ നാം വഴി അറിഞ്ഞുകഴിഞ്ഞാൽ, ഭൂപടം(the map) ഉപേക്ഷിക്കണം, ഒരു വേള അല്ലെങ്കിൽ മറ്റൊരിക്കൽ.

മറ്റൊരു അടിസ്ഥാന സംഗതിയും നമ്മൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. നമ്മൾ യാത്ര ചെയ്യുമ്പോൾ ലക്ഷ്യസ്ഥാനത്തെത്തുന്നു. നമ്മൾ ഒരു ശ്രമം നടത്തുമ്പോൾ, നാം ആനന്ദം നുണയുന്നു. ഇത് എന്തെന്നാൽ, നമ്മളാണ് അത് ചെയ്യുന്നത് എന്നതുകൊണ്ടാണ്. നമുക്കു വേണ്ടി ഇത് ചെയ്യുന്നതിനായി മറ്റൊരുവനെ ചുമതലപ്പെടുത്താനാവില്ല, അധികാരം കൈമാറാനാവില്ല.




നാം വിത്തുകളാണ്, നാം വൃക്ഷങ്ങളുമാണ്. ഇന്നത്തെ വിത്താണ് നാളത്തെ വൃക്ഷമാകുന്നത്. ഈ സൗരഭ്യം ഞാൻ സ്വയമാണ് പരത്തുന്നത്. ഞാനാണ് മാധുര്യം. ഞാൻ



ഓരോന്നുമാകുന്നു. ഈ **ഞാൻ**(**'I'**) എല്ലാവർക്കും പൊതുവായതാകുന്നു. ഇതിനെ വാചികാർത്ഥത്തിൽ എടുക്കരുത്. **ഞാൻ**(**'I'**) ഓരോരുത്തരിലുമുള്ള 'ഞാനാ'കുന്നു. അങ്ങനെ, ഞാൻ ഓരോന്നുമാകുന്നു(**"I" is the 'I' in everybody. So, I am everything**). ഞാൻ ആനന്ദമാ

കുന്നു. ഇത് നമ്മളറിയണമെന്നാണ് ഭഗവാൻ ആഗ്രഹിക്കുന്നത്.

**ആരാണ് ഉത്തമ ശിഷ്യൻ?**

ഒരു ശിഷ്യനെക്കുറിച്ചുള്ള നമ്മുടെ സങ്കല്പം എന്താണ്? ‟ഒരു ശിഷ്യനായിരിക്കൂ” എന്ന് ഭഗവാൻ പറയുമ്പോൾ, ഒരു ശിഷ്യനെക്കുറിച്ചുള്ള നമ്മുടെ ആശയം എന്താണ്? ഗുരുവിനു മുമ്പാകെ ശാരീരികമായി ഒരുവൻ അവന്റെ സത്ത സമർപ്പിക്കുന്നതാണോ? ഇടയ്ക്കിടെ പ്രശാന്തിനിലയം സന്ദർശിക്കുന്നതാണോ? അല്ല. ഒരു മാതൃകാ ശിഷ്യന്റെ പെരുമാറ്റം അതല്ല.



എങ്ങനെയാണ് ഒരു ഉത്തമ ശിഷ്യനാവുക? അത് സ്വയം ഒരു നൈപുണിയാണ്, സൗജന്യമായി നൽകപ്പെടാത്ത ഒരു സമ്മാനവും അനുഗ്രഹവുമാണ്. തന്നത്താൻ എന്നെ ഭക്തനെന്നു വിളിക്കുന്നത് ഈഗോ ആണ് എന്തെന്നാൽ, ഭഗവാനാണ് അത് വ്യക്തമാക്കേണ്ടത്.

‟ഞാൻ ഭഗവാന്റെ ഒരു ഭക്തനാണ്,” ചിലർ പറയുന്നു. പക്ഷേ ഇതൊരു തരം സ്വയം-പ്രഖ്യാപിത വിളംബരമാണ്. അങ്ങനെയല്ല വേണ്ടത്. നേരെ മറിച്ച്, അത് ഭഗവാനിൽ നിന്നുള്ള ഒരു അംഗീകാരമാവണം. അതുകൊണ്ട്, ഒരു ശിഷ്യനാകുന്നതെങ്ങനെയെന്ന് നമുക്ക് മനസ്സിലാക്കാൻ നോക്കാം.

ഒരുവൻ ദിവ്യഗുരുവിനു മുമ്പാകെ വണങ്ങുന്നതിന് പഠിക്കണം. വണങ്ങുകയെന്നാൽ വിനയം, അച്ചടക്കം, അനുസരണ ഉണ്ടാവുക എന്നാണ്. നാം ഗുരുവിനോട് ബഹുമാനവും ആദരവും ഉള്ളവരാവണം.

ബുദ്ധപുരോഹിതന്മാർ ആവർത്തിച്ച് വണങ്ങുന്നത് നാം കാണാറുണ്ട്. സെൻ മാസ്റ്റർമാരുടെ ശിഷ്യർ വീണ്ടും വീണ്ടും വണങ്ങുന്നു. ഓരോ വട്ടവും, എവിടൊക്കെ ഗുരുവിനെ കാണുമോ, അവർ വണങ്ങിക്കൊണ്ടിരിക്കുന്നു. അതൊരു ആചാരമോ പ്രദർശനമോ ചടങ്ങോ അല്ല. അത് ഒരുവന്റെ ഗുരുവിനോടുള്ള ആദരവിന്റെ, ബഹുമാനത്തിന്റെ പ്രകടനമാണ്. അപ്പോൾ, ഒരു ശിഷ്യന്റെ ആദ്യ ഗുണം ലാളിത്യവും വിനയവും ആണ്. അപ്പോൾ എന്തുതന്നെയായാലും അഹംഭാവ(ego)ത്തിന് സ്ഥാനമുണ്ടാവില്ല, ഗർവി(arrogance)ന് സ്ഥാനമുണ്ടാവില്ല.

പഠനത്തിന്റെ കലയും നൈപുണിയുമാണ് ശിഷ്യത്വം(disciple-ship) എന്നത്. ശിഷ്യത്വം നേടിയെടുക്കുന്നതാണ്; അതൊരു നേട്ടവും സാഫല്യവുമാണ്, ഒരു ഡോക്ടറോ എഞ്ചിനീയറോ ആവുന്നതുപോലെ. ശിഷ്യത്വമെന്നത് സഹജമോ ലീനമോ അല്ല. അത് രൂപപ്പെടുത്തുന്നതാണ്. ഒരു ശിഷ്യനാകുന്നതെങ്ങനെയെന്ന് ഒരുവൻ പഠിക്കുന്നതാണ്. ശിഷ്യത്വം എന്ന കലയും നൈപുണിയും ഗ്രഹിക്കുന്നതിന് ഒരുവന് താണു വണങ്ങുന്നതിന് സമ്മതമായിരിക്കണം.



ജ്ഞാനസമ്പാദനത്തിന് തയ്യാറായിരിക്കണം ശിഷ്യൻ. ജ്ഞാനം ഒരുവന്റെ അഹംഭാവത്തേക്കാൾ കൂടുതൽ പ്രധാനമാണ്. ഈ വസ്തുത വിശദമാക്കുന്നതിനായി, സ്വാമി ഇന്റർവ്യൂ അനുവദിക്കുമ്പോൾ ആളുകൾ എന്താണ് പ്രതീക്ഷിക്കുന്നതെന്ന് നോക്കിയാൽ മതി. അനുഗ്രഹവും ജ്ഞാനവും തേടുന്നതിനു പകരം, നമ്മൾ എല്ലാത്തരം പ്രശ്നങ്ങളുമായി ബാബയെ ശല്യപ്പെടുത്തുന്നു, ആശകളുടെ മെമ്മോറാണ്ടം മുമ്പോട്ടു വയ്ക്കുന്നു. ആശകൾ അവസാനമില്ലാത്തതാണെന്ന്, ജീവിതത്തിൽ പലപ്പോഴും രോഗങ്ങളും പീഡകളും നമ്മൾ സ്വീകരിക്കേണ്ടിവരും എന്ന്, നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

## ആത്മാവ് രോഗമാകുന്ന വാടക നൽകുന്നു

മുകളിൽ പറഞ്ഞതിൽനിന്നും അനുമാനിക്കേണ്ട വസ്തുതയെന്തെന്നാൽ, ഭഗവാൻ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാനായി ഉള്ളതു കാരണം, നമ്മൾ വിവേകശൂന്യരായിപ്പോകുന്നു എന്നതാണ്. ഭഗവാൻ ശ്രീരാമനെപ്പറ്റി നൂറോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള, ആന്ധ്രാപ്രദേശിലെ വലിയ വിദ്വാനായിരുന്ന ശ്രീ രാമ ശരൺ കാട്ടിത്തന്ന ഒരു ദൃഷ്ടാന്തമുണ്ട്.



അദ്ദേഹം 90 വയസ്സുവരെ ജീവിച്ചിരുന്നു, ഭഗവാന്റെ വലിയ ഭക്തനായിരുന്നു. അദ്ദേഹത്തിന്റെ രചനകളിൽ വേദാന്തത്തിന്റെ, പ്രത്യേകിച്ച് രാമ അവതാരത്തിന്റെ, അതുല്യമായ വ്യാഖ്യാനങ്ങൾ ഉൾപ്പെടുന്നു.

അദ്ദേഹം വാതരോഗത്താലും മറ്റ് പ്രശ്നങ്ങളാലും ശരിക്കും കഷ്ടപ്പെട്ടിരുന്നു. ബാബയുടെ അഭയം തേടുന്നതിനായി അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തോട് അപേക്ഷിച്ചപ്പോൾ, അദ്ദേഹത്തിന്റെ മറുപടി (ഇത് നമുക്കെല്ലാ വർക്കും പ്രധാനമാണ്) ഇപ്രകാരമായിരുന്നു, "ഒരുവൻ സഹിക്കേണ്ടതുണ്ട്. ഒരു വാട കവീട്ടിൽ താമസിച്ചാൽ, നിങ്ങൾ വാടക നൽകണം. വീട്ടിൽ താമസിക്കുകയും വാടക നൽകാതിരിക്കുകയും ചെയ്താൽ, നിങ്ങൾ കുറ്റവാളിയാകുന്നു. നിങ്ങൾക്ക് കോടതി കയറേണ്ടിവരും. വാടകക്കാരനെന്ന നിലയ്ക്ക് ഒരു വീട്ടിൽ താമസിച്ചാൽ, നിങ്ങൾ ഉടമ്പടി പ്രകാരം കൃത്യമായി വാടക നൽകണം."

"ഇതേപോലെ, ശരീരം വാസഗൃഹമാകുന്നു. ശരീരമെന്നത് ജീവാത്മാവ് വസിക്കുന്ന




ഗൃഹമാകുന്നു-ഉടമയായിട്ടല്ല, വാടകാടിസ്ഥാനത്തിൽ. അപ്പോൾ ആ ആത്മാവ്, കൃത്യമായി വാടക നൽകേണ്ടിവരും. എന്താണീ വാടക? പൗണ്ടോ ഡോളറോ രൂപയോ അല്ല, മറിച്ച് അസുഖങ്ങൾ, പീഢകൾ, രോഗങ്ങൾ ഇവയാണ്. അപ്പോൾ, ഈ വാടകവീട്ടിൽ-മനുഷ്യശരീരത്തിൽ-താമസിക്കുന്നതിന് ആത്മാവ് അസുഖങ്ങളുടെയും ക്ലേശങ്ങളുടെയും രൂപത്തിൽ, വാടക നൽകുന്നു."

"ഇതു പ്രകാരം, നാം നമ്മുടെ ആവലാതികളും ആവശ്യങ്ങളുമായി ഭഗവാനെ ശല്യ പ്പെടുത്താതിരുന്നാൽ, അപ്പോൾ നാം അവിടുന്നിന്റെ പക്കൽനിന്ന് ജ്ഞാനം, തത്വചി ന്ത, ആദ്ധ്യാത്മികത, മറ്റനേകം അമൂല്യവസ്തുക്കൾ ഇവ ലഭിക്കുന്നതിന് ഭാഗ്യ മുള്ളവരാവും. പക്ഷേ നാം നമ്മുടെ പ്രശ്നങ്ങളെക്കുറിച്ചും അസുഖങ്ങളെക്കുറിച്ചും സംസാരിക്കാൻ തുടങ്ങുമ്പോൾ, അവിടുന്ന് പറയും, "വളരെ നല്ലത്! ഞാൻ നോക്കി ക്കോളാം. പക്ഷേ, ഇപ്പോൾ നിനക്ക് പോകാൻ നേരമാ യി."




ആദ്യത്തെ സാഹചര്യ ത്തിൽ, അവിടുന്ന് അവി ടുത്തെ ജ്ഞാനം നാം കേൾക്കുന്നതിന്, നമ്മുടെ ആദ്ധ്യാത്മിക പുരോഗതിക്ക്, ഇച്ഛി ക്കുന്നു. നാം സാധന അനുഷ്ഠിക്കണമെന്ന്, നിസ്സാര സംഗതികൾക്ക് ആകുലരാവരു തെന്ന്, അവിടുന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് രാമ ശരൺ പറയുന്നത്, "ഭഗ

വാനോട് പ്രാർത്ഥിക്കുന്നതു വഴി, അവിടുന്ന് ചെയ്യുന്നതെന്തെന്നാൽ, അത് മാറ്റിവയ്ക്കുക എന്നതാണ്. ഇന്ന് കഷ്ടപ്പെടുന്നതിനു പകരം, അടുത്ത കൊല്ലം അപ്രകാരം ചെയ്യുന്നതിന് അവിടുന്ന് നിങ്ങളെ അനുവദിക്കുന്നു.'' സ്കൂൾ പരീക്ഷകൾ മാറ്റിവച്ചേക്കാം, പക്ഷേ അവ റദ്ദു ചെയ്യപ്പെടുകയില്ല.

ഇതുപോലെ, നമ്മുടെ ദുരിതവും മാറ്റിവയ്ക്കപ്പെടും, പക്ഷേ ഒരിക്കലും റദ്ദു ചെയ്യപ്പെടുകയില്ല. ഇതെന്തുകൊണ്ടെന്നാൽ, ഇത് നമ്മുടെതന്നെ കർമ്മങ്ങളുടെ ഫലമാണ്, ഫലങ്ങൾ ഈ പ്രവൃത്തികളെയാണ് പ്രതിഫലിപ്പിക്കുന്നത്. കർമ്മങ്ങൾ ഹീനമാണെങ്കിൽ, ദുരിതമാവും പരിണതഫലം. അനാശാസ്യമായ കാര്യങ്ങൾ ചെയ്ത് പലവട്ടം കുറ്റവാളിയാകുമ്പോൾ, ഒരുവൻ സഹിച്ചേ തീരൂ.




ഒരുവൻ അവന്റെ കർമങ്ങളുടെ പരിണതഫലം നേരിടേണ്ടിവരും- കർമഫലം എന്നോ പ്രവൃത്തിയുടെ ഫലം എന്നോ പ്രാരബ്ധം, ഒരുവന്റെ ചെയ്തികളുടെ സമ്മാനം എന്നോ എന്തു വിളിച്ചാലും. അതുകൊണ്ട്, സന്തോഷവും ദു:ഖവും ഈശ്വരൻ കാരണമല്ല എന്നറിയണം.

കൂടുതൽ പ്രചോദകാത്മക വിഷയങ്ങളുമായി നാം അടുത്ത പോഡ്കാസ്റ്റിൽ തുടരും.

ജയ് സായിരാം!



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)